# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 28/03/14

( 26 Jamad'ul Awwal 1435 Hijiri)

## Hazrat Khalifathullah Munir Ahmad Azim (A)

2014 ഫെബ്രുവരി 20 വ്യാഴാഴ്ച ഞാൻ മൗറീഷ്യസിലെ വടക്കൻ പ്രവിശ്യയിലുള്ള വലിയ ഗ്രാമങ്ങളിലൊന്നായ ട്രയോലെറ്റ് എന്ന സ്ഥലത്തായിരുന്നു.അവിടെ ഞാൻ ബംഗ്ലാദേശിൽ നിന്നുള്ള രണ്ടു മുല്ലാമാരെ പരിചയപ്പെടുകയുണ്ടായി.എന്നെ സലാം മുഖേന അഭിവാദ്യം ചെയ്ത അവർ ഏകദേശം 10 മണിയോടെ,ഹൃദ്യമായ വാക്കുകളിലൂടെ അവരുടെ പള്ളിയിലേക്ക് ക്ഷണിച്ചു .അവിടെ ഞാൻ ഇന്ത്യയിലെ ബാംഗ്ലൂരിൽ നിന്നുള്ള കുറേ മുസ്ലിംകളെയും പരിചയപ്പെട്ടു. പരിചയപ്പെടലിനിടയിൽ അവരെന്റെ പേരുചോദിച്ചപ്പോൾ മുനീർ അഹ്മദ് എന്നു ഞാൻ പറഞ്ഞു തുടങ്ങിയതേ,അതിലൊരാൾ അതു തന്റെ Burzuq-ന്റെ പേരാണ് എന്ന് ഇടയിൽ കയറി പറഞ്ഞു ഞാൻ എന്റെ പൂർണ്ണമായ പേര് മുനീർ അഹ്മദ് അസീം ആണെന്ന് പറഞ്ഞതു കേട്ടപ്പോൾ ഒരുനിമിഷം അവരെല്ലാം സ്തബ്ധരാവുകയും അടുത്ത നിമിഷം വളരെ കോപാകുലതയോടെ എന്നോട് പെരുമാറുകയും ചെയ്തു.

അതുവരെ അവരുടെ നാവുകളിൽ നിന്നുതിർന്നിരുന്ന മാധുര്യമേറിയ വാക്കുകളും അവരുടെ ഹൃദ്യമായ പെരുമാറ്റവുമൊക്കെ എങ്ങു പോയ് മറഞ്ഞു എന്നറിയില്ല അവരുടെ വിധമങ്ങ് മാറി.എന്നിട്ട് അവർ പരുഷമായി ചോദിക്കുകയാണ്, മുഹ്‌യിദ്ദീൻ,ഖലീഫത്തുല്ലാഹ് എന്നൊക്കെ വാദിക്കുന്ന ആളല്ലെ താങ്കൾ അവർ എണ്ണത്തിലേറെയാണെന്നറിഞ്ഞിട്ടും അവരെ ഞാനൊരു തരി പേടിക്കാതെ അതെ എന്ന് ഞാനവർക്ക് ദൃഢമായിത്തന്നെ മറുപടി നല്കി.തുടർന്നവർ അല്ലാഹുവിൽ നിന്നും എനിയ്ക്ക് വെളിപാടായി അറിയിച്ചു തന്ന പദവികളെപ്പറ്റി കുറെ അധികം ചോദ്യങ്ങൾ ചോദിച്ചു.അവർക്കറിയേണ്ടിയിരുന്നത് ഞാൻ ഖലീഫത്തുല്ലാഹ്‌ും, മുഹ്‌യിദ്ദീനും ഒക്കെയാണെന്ന് ആരുപറഞ്ഞുഎന്നതത്രേ. അതിനവർക്ക് എന്റെ നാഥനും ,സ്രഷ്ടാവും ആയ അല്ലാഹു എന്നെ അറിയിച്ചതാണ് എന്ന മറുപടി നല്കി.പക്ഷേ അവരെന്റെ വാക്കുകൾ മുഖവിലയ്ക്കെടുക്കാതെ കള്ളനെന്നും കറ്റുകെട്ടുകാരനെന്നും ഒക്കെയുള്ള ആക്ഷേപശരങ്ങൾ ചൊരിഞ്ഞു കൊണ്ട് അവർ വിശ്വസിക്കുന്ന അന്ത്യപ്രവാചകത്വത്തെ പറ്റി ഘോരഘോരം വാദങ്ങൾ നടത്താനാരംഭിച്ചു.

അവർ ഉന്നയിച്ച അനേകം ചോദ്യങ്ങളുടെ കൂട്ടത്തിൽ ഞാൻ നിങ്ങളുടെ ഇടയിൽ അല്ലാഹുവിന്റെ ഗ്രന്ഥവും എന്റെ ചര്യയും ബാക്കിയാക്കിയിരിക്കുന്നു.ആരാണോ അവ മുറുകെപ്പിടിക്കുന്നത് അവർ ഒരിയ്ക്കലും നാശത്തിൽ അകപ്പെടില്ല എന്ന ഹദീസ് സംബന്ധിച്ച് ചോദ്യം ചോദിക്കുകയുണ്ടായി.

മഹ്ദിയെ സംബന്ധിച്ചുള്ള ഹദീസുകൾ പരസ്പരവിരുദ്ധമായിട്ടുള്ളതാണെന്നും, ഈസാനബിയെ സംബന്ധിച്ചുള്ള ഹദീസുകൾ വ്യക്തതയില്ലാത്തവയാണെന്നും ഇവരിൽ ചില കൂട്ടർ വാദിക്കുന്നു.അവരുടെ അഭിപ്രായത്തിൽ വിശുദ്ധഖുർആനിൽ ഇതു സംബന്ധിച്ചു വ്യക്തമായ ആയത്തുകൾ ഇല്ലാത്ത സ്ഥിതിക്ക് ,ഈ ഹദീസിന്റെ വെളിച്ചത്തിൽ ഒരാൾ വരാൻ പോകുന്നു എന്നു പറയുന്നതിലും നന്ന് ഇസ്‌ലാമിന്റെ ആഭിജാത്യവും,അന്തസ്സും തിരികെപിടിക്കുവാനുള്ള ഒരേയൊരു മാർഗ്ഗം ഖുർആനും തിരുനബി സുന്നത്തും മുറുകെ പിടിക്കുകയല്ലേ നന്ന് എന്നതത്രേ.

ഈ ചോദ്യത്തിനും ഞാൻ മറുപടി നല്കുന്നതിനും മുന്നേതന്നെ അവരെന്നേടു പറഞ്ഞു നിങ്ങളൊരു ഖാദിയാനിയല്ലേ? നിങ്ങളാ മിർസായുടെ അനുയായിയല്ലേ ? നിങ്ങൾ മിർസായെ പോലെ ഒരു കള്ളവാദിയാണ്.

ഇതു കേട്ടപ്പോൾ ഞാനവരോട്പറഞ്ഞു അതെ. ഞാൻ ഹസ്രത്ത് മിർസാഗുലാം അഹ്മദ് (അ) ആത്മാർത്ഥമായി വിശ്വസിക്കുന്ന ഒരു അഹ്മദി തന്നെയാണ്.അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഞാൻ നിങ്ങളുന്നയിച്ച ചോദ്യങ്ങൾക്കെല്ലാം.മറുപടി നല്കുന്നതാണ്.അപ്പോൾ നമുക്കു നോക്കാം നമ്മളിൽ ആരാണ് കള്ളവാദിയും,കറ്റുകെട്ടുകാരുമെന്ന് ? ഹസ്രത്ത് മിർസാ (അ) യും ഞാനും ആണോ അതോ വി ഖുർആന്റെയും തിരുനബിയുടെയും അധ്യാപനങ്ങളെ തച്ചുടച്ചു,ചവിട്ടിത്തേച്ച നിങ്ങൾ ആണോ കള്ളവാദികൾ

എന്ന് നിങ്ങൾ സ്വയമേവ അറിയുന്നതാണ്. ഈ ഖുതുബയിലൂടെ അവർക്കും,അവരെപ്പോലെ മുസ്ലിംകളാണെന്ന് അവകാശപ്പെടുന്ന,എന്നാൽ അനാവശ്യചോദ്യങ്ങളുന്നയിച്ച് സ്വയം വലിയ പണ്ഡിതരാണെന്ന് നടിക്കുന്ന മറ്റുള്ളചിലർക്കും അവരുടെ ചോദ്യങ്ങൾക്ക് ,വിശിഷ്യാ ജമാ അത്ത് അഹ്മദിയയിലെ വിഭജനങ്ങൾക്കും ജമാഅത്തിനുള്ളിൽ നിന്നു തന്നെ എങ്ങനെ ഖലീഫത്തുല്ലാഹ് വന്നു എന്നതിനെക്കുറിച്ചും, ഞാൻ മറുപടി നല്കുകയാണ്.വാസ്തവത്തിൽ,അവരുടെ എല്ലാ ചോദ്യങ്ങൾക്കുമുള്ള ഉത്തരം വി.ഖുർആനിൽ തന്നെയുണ്ട്.

**<u>അവർക്കുള്ള എന്റെ മറുപടി.</u>**

ഇസ്ലാമിൽ വിശ്വാസികളെ ഒരുമിപ്പിച്ചു നിർത്തുവാൻ,അവരെ ശരിയായ പാതയിൽ നിലനിർത്തുവാൻ വി.ഖുർആനും,തിരുസുന്നത്തും മുറുകെപ്പിടിക്കുകയാണ് വേണ്ടത് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അവരുടെ ചോദ്യത്തിന്റെ ആദ്യഭാഗത്ത് അവർ സൂചിപ്പിച്ച മേലുദ്ധരിച്ച കാര്യത്തിൽ എനിക്ക് യോജിപ്പാണുള്ളത്. പക്ഷേ അതിനെ തുടർന്ന് ഒരു വലിയ ചോദ്യചിഹ്നം നമ്മുടെ മുന്നിൽ ഉയരുന്നുണ്ട്.ആരാണ് ഈ മഹത്തായ കാര്യം ചെയ്യുന്നത് ? എങ്ങനെ ?

നാളിതുവരെ വി.ഖുർആൻ ഒരു കടുകിട മാറ്റവുമില്ലാതെ തുടർന്നു പോരികയാണ്.അങ്ങനെയുള്ള വി ഖുർആൻവിശ്വാസികൾക്കിടയിൽ ഉണ്ടായിട്ടും എന്തുകൊണ്ടാണ് മുസ്ലിം സമൂഹം പല വിഭാഗങ്ങളായി പിരിഞ്ഞത്

ഈ വിഭജനം എന്തുകൊണ്ടുണ്ടായി ? ആദ്യം ഇങ്ങനെയൊന്നുണ്ടായപ്പോൾ അതിനൊരു ദിശാബോധം ഉണ്ടായിരുന്നില്ലേ ? അല്ലെങ്കിൽ ഈ സംഭവത്തിൽ ആശാവഹമായ എന്തെങ്കിലും ഒന്നുണ്ടായിരുന്നുവോ നിങ്ങൾക്ക് പിന്തുടരുവാനായി ?

നിങ്ങളാൽ ഉന്നായിക്കപ്പെട്ട ചോദ്യങ്ങത്തിന്റെ രണ്ടാം ഭാഗം നോക്കിയാൽ ഞാൻ ഇപ്പോൾ ചോദിച്ച ചോദ്യത്തിന്റെ ഉത്തരം നിങ്ങൾക്ക് ലഭിക്കുന്നതാണ്.മുസ്ലിം ജനത പല വിഭാഗങ്ങളായി മാറുവാൻ കാരണം അവയിൽ മറ്റുള്ളവർക്ക് ഒരു മാർഗ്ഗദർശനവും,പിന്തുടരുവാൻ ഒരു രീതിയും ഉണ്ടായിരുന്നു എന്നതുതന്നെ. തുടക്കം മുതൽ വിഖുർആൻ അങ്ങേയറ്റം സ്വാധീനം സഹാബികളിൽ ചെലുത്തിയിരുന്നു. അതുപോലെ സുന്നത്ത് അവർ നേരിലറിഞ്ഞിരുന്നതിനാൽ അതിന്റെ സ്വാധീനവും മികവുറ്റതായിരുന്നു. പിന്നീട് , തിരുനബിയ്ക്ക് ശേഷം ജനങ്ങൾ പല കാര്യങ്ങളിലും ഭിന്നിക്കുകയും, ഈ ഭിന്നിപ്പ് പിൽക്കാലത്ത് ഖിലാഫത്ത് വ്യവസ്ഥ നിലവിലില്ലാതായ അവസ്ഥ സംജാതമായതുവരെ തുടരുകയും അതിനു ശേഷം വെറും കാണാപ്പാഠം എന്ന ഒരു അവസ്ഥ പിന്തുടരുകയും ചെയ്തു പോന്നു. ചുരുക്കി പറഞ്ഞാൽ, ഇസ്ലാമിനുള്ളിൽ തന്നെ വിഭിന്ന വിഭാഗങ്ങൾ ഉണ്ടാവുകയും, മുസ്ലിംകൾ ഭിന്ന ചേരികളിലാവുകയും ചെയ്തു പോന്നു. ഓരോ വിഭാഗക്കാരും അവരവരുടേതായ വീക്ഷണകോണിൽ ഖുർആൻ വ്യാഖ്യാനിക്കുകയും ചെയ്യുന്നത് തുടർന്നു കൊണ്ടിരുന്നു. ചുരുക്കിപ്പറഞ്ഞാൽ ഒരേ ഖുർആൻ അധ്യാപനം ഭിന്നചേരിക്കാർ ഭിന്ന രീതിയിൽ വ്യാഖ്യനിച്ചതിന്റെ ഫലമായി പരസ്പരവിരുദ്ധങ്ങളായ ആശയത്തെ പ്രതിനിധാനം ചെയ്യുന്ന അവസ്ഥ ഉണ്ടാവുകയും, അവർ തമ്മിൽ അക്ഷരാർത്ഥത്തിൽ ഏറ്റുമുട്ടുകയും ചെയ്യുന്ന അവസ്ഥ വരെ ഉണ്ടാവുകയും ചെയ്തിട്ടുണ്ട്.

ഇവിടെയാണ് വി.ഖുർആനും, സുന്നത്തും ഏകോപിപ്പിച്ചു കൊണ്ടു പോകേണ്ടതിന്റെ ആവശ്യകത ഉയരുന്നത്. പക്ഷെ എങ്ങനെ ? അതാണ് ഒരു ചോദ്യമായി ഉയരുന്നത് ഈ ചോദ്യത്തിന് ആരെങ്കിലും ഒരു പോം വഴി കണ്ടെത്തിയില്ലെങ്കിൽ, ഇത് ഒരു കുഴയ്ക്കുന്ന പ്രശ്നമായി അവശേഷിക്കും. കാലഘട്ടവും നമുക്ക് പ്രതികൂലമാണ്. തിരുനബിയിൽ നിന്ന് നിങ്ങൾ എത്രത്തോളം ദൂരപ്പെടുന്നുവോ അത്രയേറെ നിങ്ങൾ ഭിന്നിച്ചു പോവുകയും, നിങ്ങളിലെ മതപണ്ഡിതർ കളങ്കിതരായിമാറുകയും ചെയ്യുന്നതാണ്. അവർ ദൈവഭയം കുറഞ്ഞവരായി മാറുകയും. നമ്മെ ഒരുമിപ്പിച്ചു കൊണ്ടുപോകുന്നതിന്പകരം, നമ്മെ തമ്മിലടിപ്പിക്കുവാനുള്ള പദ്ധതികൾആവിഷ്കരിക്കുകയും ചെയ്യുന്നതാണ്. ചരിത്രം പരിശോധിച്ചാൽ ഇത് വ്യക്തമാകുന്നതാണ്. തത്ക്കാലം നമുക്ക് മഹ്ദിയും മസീഹും ഒന്നും വന്നില്ല വരില്ല എന്ന് വിചാരിക്കാം. എങ്കിൽ നബിയുടെ ഉമ്മത്ത് എങ്ങനെ നിലനില്ക്കും ചോദ്യകർത്താവ് തന്നെ സ്വയം ഉറച്ചുവിശ്വസിക്കുന്നുണ്ട് ഉമ്മത്ത് നിലനിലക്കുവാനുള്ള ഒരേയൊരു വഴി വി.ഖുർആനും, തിരുനബിയുടെ തിരുസുന്നത്തും മുറുകെ പിടിക്കുക മാത്രമാണ് പോം വഴിയെന്ന്. അപ്പോൾ അവരെന്തുകൊണ്ടാണ് ഖുർആനും സുന്നത്തും മുറുകെ

പിടിക്കാത്തത് ? ഉത്തരം മുട്ടുമ്പോൾ ഖുർആനിൽ നിന്നും സുന്നത്തിൽ നിന്നും എന്തേ അവർ വഴുതിപോകുന്നത് ? ഖുർആനെയും സുന്നത്തിനെയും മുറുകെ പിടിക്കുകയാണെങ്കിൽ അവർ വിവിധ വിഭാഗങ്ങളായി മാറരുതായിരുന്നുവല്ലോ. അധഃപതനം ഒരിക്കൽ ആരംഭിച്ചുകഴിഞ്ഞാൽ പിന്നെ അതിൽ നിന്ന് മോചനമില്ല. ഓരോതലമുറകൾ കഴിയുംതോറും അധഃപതനംകൂടുകയും സ്വാത്വികത കുറയുകയും ചെയ്യുന്നതാണ്. മാത്രമല്ല അവരിൽ ദൈവഭയം കുറയുകയും ഇസ്ലാമികജീവിത രീതിയിലുള്ള വിശ്വാസം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. ചരിത്രത്തിലുടനീളം ഇടക്കിടെയുള്ള ചലനങ്ങൾ തീർച്ചയായും ഉണ്ടായിട്ടുണ്ട്. എതിർ ദിശയിൽ ഉണ്ടാകുന്ന പ്രതിരോധങ്ങളെ നേരിടാൻ ഇത്തരം ഇസ്ലാമിക ചലനങ്ങൾക്ക് കഴിഞ്ഞിട്ടില്ല എന്നതാണ് ഏറ്റവും പ്രാധനപ്പെട്ട കാര്യം.ഇനി ആരും വരേണ്ടതില്ല എന്ന് വിശ്വസിക്കുന്നവർ ഒരു കാര്യം മനസ്സിലാക്കണം, ഇസ്ലാം മുന്നോട്ടുപോകുന്നതിനും പകരം എതിർ ദിശയിലേക്കായിരിക്കും അതിന്റെ ഗമനം.

അവർ സ്വപ്ന ലോകത്തിലാണ് ജീവിക്കുന്നത്.യാഥാർത്ഥ്യവുമായി ഇതിന് യാതൊരു ബന്ധവുമില്ല.സമുദായങ്ങളെ നയിക്കാൻ ആളില്ലാതെ സമുദായത്തിന് മുന്നോട്ട് പോകുവാൻ സാദ്ധ്യമല്ല.വിശുദ്ധഖുർ ആനിൽ രേഖപ്പെടുത്തി വെച്ചിരിക്കുന്ന മതചരിത്ര സംഭവങ്ങളിലേക്ക് ഒന്ന് തിരിഞ്ഞു നോക്കാം

വിശുദ്ധഖുർആന്റെ അധ്യാപനമനുസരിച്ച് സത്യം വെളിപ്പെട്ടുകഴിയുമ്പോഴെല്ലാം അനുകൂലമായും പ്രതികൂലമായും കുറെ ആളുകൾ ഉണ്ടാകും. അവസാനം സത്യം സ്ഥാപിക്കപ്പെടും എന്നാൽ അതിനുശേഷം ജനങ്ങൾ വഴിതെറ്റിപ്പോകും. അങ്ങനെ അവർ ഒരു അധഃപതിച്ച സമുദായമായി മാറുന്നതാണ്.

അപ്പോൾ വിശുദ്ധഖുർആൻ രേഖപ്പെടുത്തിയിരിക്കുന്ന ചരിത്രമനുസരിച്ച് അല്ലാഹുവിൽ നിന്ന് ഒരു ദൂതനെ അയച്ച് അവരെ രക്ഷിക്കുവാൻ ഉള്ള നടപടി സ്വീകരിക്കും. അല്ലെങ്കിൽ നിലവിലുള്ള മതത്തെ മാറ്റി പകരം അല്ലാഹു ഒരു പുതിയ പ്രാവാചകനേയും ഒരു പുതിയ മതത്തെയും നിലവിൽ വരുത്തുന്നതാണ്. മതചരിത്രത്തിൽ നാം എങ്ങുംവായിച്ചിട്ടില്ല ഒരു മതം ജീർണ്ണച്ചശേഷം ജനങ്ങൾ അധർമ്മികളായ ശേഷം, മതപണ്ഡിതന്മാർ വിവിധ ചേരികളിലായശേഷം ഒരു സുപ്രഭാതത്തിൽ വിവിധ ചേരിയിലുള്ള ഈ പണ്ഡിതന്മാരെല്ലാം ഒന്നായി തീർന്നതായി. വിവിധചേരിയിലെ ജനങ്ങളെല്ലാം ഒന്നായി ചേർന്നതായോ അവരുടെ തെറ്റായ കാര്യങ്ങളിലെല്ലാം പശ്ചാത്തപിച്ച് ഒന്നായി തീർന്നതായോ എന്നിട്ട് അവർ പരസ്പരം കൈ കൊടുത്ത് ആലിംഗനബദ്ധരായി ''നമുക്ക് നമ്മുടെ അഭിപ്രായവ്യത്യാസങ്ങളെല്ലാം മറക്കാം എന്നിട്ട് ഒന്നായി തീരാം'' എന്ന് പറഞ്ഞതായി ചരിത്രത്തിലെവിടെയും കാണാൻ സാധിക്കുകയില്ല. അവരുടെ അഭിപ്രായവ്യത്യാസങ്ങൾ എങ്ങനെയാണ് മറക്കാൻ സാധിക്കുന്നത് ? അവർ ഓരോരുത്തരും വിചാരിക്കുന്നത് അവർ വിശുദ്ധ ഖുർആന്റെ അഥവാ പരിശുദ്ധഗ്രന്ഥത്തിന്റെ അല്ലെങ്കിൽ അവർ മുറുകെ പിടിക്കുന്നതേതാണോ അതിലൂടെ അവർ യാഥാർത്ഥ്യത്തെയാണ് പിൻ പറ്റുന്നതെന്നാണ്. ഇങ്ങനെ വിവിധ ചേരികളിൽ നില്ക്കുന്നവർ യഥാർത്ഥ സത്യം കണ്ടെത്തണമെങ്കിൽ അവർ പരസ്പരം ആശയവിനിമയം നടത്തണം. എന്നിട്ട് പരസ്പരം ബോധ്യപ്പെടണം ഓരോരുത്തരും അവരവരുടെ അഭിപ്രായങ്ങൾ തുറന്ന് പ്രകടിപ്പിക്കുവാൻ തയ്യാറാകണം. അങ്ങനെ അഭിപ്രായ സമന്വയത്തിലെത്തിചേരുവാൻ സാധിക്കുന്നതാണ്. മതസമൂഹം ഇന്ന് പരസ്പരം യോജി ക്കാത്ത തലങ്ങളിലായിത്തീർന്നിരിക്കുകയാണ്. ഇത് അനുവദിച്ചുകൂടാത്തതാണ്. ജനങ്ങൾ സഹിഷ്ണുതയില്ലാത്തവരായിതീർന്നിരിക്കുന്നു. മറ്റുള്ളവരുടെ അഭിപ്രായങ്ങൾ ശ്രവിക്കുവാനുള്ള സഹിഷ്ണുതപോലും അവർക്ക് നഷ്ടമായിരിക്കുന്നു. ഇത് വിദ്യാസമ്പന്നരിൽ മാത്രമല്ല മുഴുവൻ സമൂഹത്തെയും കടന്നുപിടിച്ചിരിക്കുകയാണ്. വിശുദ്ധഖുർആനിൽ സംരക്ഷിക്കപ്പെട്ടിരിക്കുന്ന ചരിത്രമനുസരിച്ച് മുൻകാലങ്ങളിൽ ഇപ്രകാരം സംഭവിച്ചിട്ടില്ല. ഒരു മതത്തിന്റെ ആളുകൾ അശുദ്ധരായി പോയാൽ അവരെ വീണ്ടും ഒരുമിച്ചുകൂട്ടുകയും അവരിലെ തെറ്റുകൾ തിരുത്തുകയും ചെയ്തിരിന്നു. അവരുടെ പീർമാർ അല്ലെങ്കിൽ ഫക്കീർമാർ അല്ലെങ്കിൽ ഉലമാക്കൾ അല്ലെങ്കിൽ സൂഫിമാർ ആ കർത്തവ്യം നിർവ്വഹിച്ചിരുന്നു.

ഇപ്പോൾ എന്തുകൊണ്ട് ജനങ്ങളെ തിരുത്തി നന്നാക്കുവാൻ കഴിയുന്നില്ല ? വിശുദ്ധഖുർആന്റെ അധ്യാപനമനുസരിച്ച് മതനേതാക്കന്മാർ അശുദ്ധരായി തീർന്നിരിക്കുന്നു. അപ്പോൾ പൊതുജനത്തിന് താത്പര്യമുള്ളവരോടൊപ്പം അവരും ചേരുന്നു. അങ്ങനെ അവരും അശുദ്ധരായിതീർന്നിരിക്കുന്നു. മതനേ

താക്കൾ മാനസികമായി അശുദ്ധരായി തീർന്നാൽ, ദൈവഭയം കുറഞ്ഞവരായി തീർന്നാൽ,അപ്പോൾ അവരെ പിന്തുടരുന്ന പൊതുജനവും അപ്രകാരമായിതീരുന്നു. ജനങ്ങളെ നശിപ്പിക്കുന്നത് നേതാക്കന്മാരാണ്. ചുരുക്കത്തിൽ രാഷ്ട്രീയ നേതൃത്വം പോലെ മതനേതൃത്വവും മാറിയിരിക്കുന്നു. അടിസ്ഥാനപരമായ ഏറ്റവും പ്രധാനപ്പെട്ടകാര്യം നേതൃത്വം ശരിയായതായിരിക്കണം. അതാണ് ശരിയായ നേതൃത്വം. മതപരമായ നേതൃത്വം സംശുദ്ധമാണെങ്കിൽ ഭിന്നിക്കേണ്ടയാതൊരുകാര്യവും വരുന്നില്ല. ചിലതെറ്റുകൾ കാരണമായിട്ടാണ് ഭിന്നിക്കുന്നത്. അത് ഒടുവിൽ ചിന്താപരമായ തരംതാഴലിലും വ്യാത്യാസത്തിലും കൊണ്ടെത്തിക്കുന്നു. മനസ്സിന്റെ വക്രതയും അശുദ്ധതയും മൂലമാണ് ഇത് സംഭവിക്കുന്നത്. ഇത് നാം അവരിൽ കാണുന്ന ഭിന്നതകൾക്കെല്ലാം കാരണം ഇതാകുന്നു. മഹ്ദിഇല്ലെന്ന് കരുതുക. മഹ്ദിയും വരുന്നില്ല, മസീഹും വരുന്നില്ല എന്ന് തന്നെ കരുതുക. അവരുടെ ആവശ്യവുമില്ല. എല്ലാ നിലയിലുള്ള നുബുവ്വത്തും അവസാനിച്ചു എന്ന് തന്നെ കരുതുക. അങ്ങനെയെങ്കിൽ എല്ലാ മുസ്ലിംകളുടെയും അവസ്ഥ പൊതുവിൽ എന്തായിരിക്കും. ഈ നിലയിൽ ചിന്തിക്കുന്നവരാണ് ഇത് തെളിയിക്കേണ്ടത്. അതിന് തൃപ്തികരമായ മറുപടി പറയേണ്ടതും. ഒരു വ്യക്തി ഒരു നല്ല മുസ്ലിം ആകുന്നെങ്കിൽ ആകട്ടെ. എന്നാൽ മറ്റു മതങ്ങളുടെ മേലുള്ള ഇസ്ലാമിന്റെ മഹത്വം എടുത്തുകാണിക്കുവാൻ ആരാണുള്ളത്? ആ പണ്ഡിതന്മാരോ ? മുസ്ലിംകളുടെ അന്യം നിന്നുപോയ സത്യസന്ധതയെ നവീകരിക്കുന്നതാരാണ് ?

ഈ പണ്ഡിതന്മാർക്ക് ഇതിന് കഴിയുമോ ? ഈ പണ്ഡിതന്മാർ ഭിന്നിച്ചു പോകാതിരുന്നെങ്കിൽ പണ്ഡിതന്മാരുടെ ഒത്തൊരുമിച്ചുള്ള പ്രവർത്തനഫലമായി മുഹമ്മദ് (സ)യുടെ ജീവിത ചര്യയിലേക്ക് അവരെ ക്കൊണ്ട് വരുവാൻ കഴിയുമായിരുന്നു. ഖുർആനും സുന്നത്തുമനുസരിച്ച് നിങ്ങൾ സ്വയം ഇസ്ലാമിന് വേണ്ടി സേവനം ചെയ്യാൻ തയ്യാറാകുമെന്നും കരുതുക. എന്നാൽ കാര്യങ്ങൾ അങ്ങനെയായില്ല. പണ്ഡിതന്മാർ ഭിന്നി ച്ചുപോയി. അവർ പരസ്പരം പോരാടുന്നു. അവർ പരസ്പരം ആക്ഷേപിക്കുന്നു. ഇസ്ലാമിനെ ഒറ്റിക്കൊടു ത്തവരാണെന്ന് ആരോപിക്കുന്നു. ഇസ്ലാമിനെ പുറത്തുള്ളവർ ആക്ഷേപിക്കുന്നതിനേക്കാൾ വലിയ നില യിൽ ഇവർ ഇസ്ലാമിന് അകത്ത് നിന്നുകൊണ്ട് ആക്ഷേപിക്കുന്നു. മറ്റ് ചിലർ പറയുന്നത് അവർ വലിയ ഇസ്ലാമിക പണ്ഡിതന്മാരാണെന്നാണ് അവർ ഇസ്ലാമിനുവേണ്ടി മഹത്തായ സേവനം ചെയ്യുന്നവരാണെന്നും അവകാശപ്പെടുന്നു.

ഇവരുടെ സമീപനങ്ങൾ ഇപ്രകാരമാണ്. വീണ്ടും ഇസ്ലാം ഉയിർത്തെഴുന്നേൽക്കുമെന്ന് എങ്ങനെ യാണ് നിങ്ങൾക്ക് പറയുവാൻ കഴിയുന്നത് ? എങ്ങനെ ഇത് സാധിക്കും ? നിശ്ചയമായും ചില പ്രതീക്ഷകൾ എവിടെയെങ്കിലും ഉണ്ടായിരിക്കണം. ഖുർ ആനും സുന്നത്തുമനുസരിച്ച് ഈ മുസ്ലീം ഉമ്മത്തിന്റെ നവോ ത്ഥാന മാർഗ്ഗത്തിന് എന്ത് ഉത്തരമാണുള്ളത് ?

ഇന്ന് ഞാൻ എന്റെ പ്രഭാഷണം ഇവിടെ അവസാനിപ്പിക്കുകയാണ് ഇൻഷാ അല്ലാഹ്. ഇതേ വിഷയം അടുത്ത വെള്ളിയാഴ്ച തുടരുന്നതാണ്. ഇപ്പോഴത്തെ ഇസ്ലാമിന്റെ അവസ്ഥയെക്കുറിച്ച് ചിന്തിക്കുവാൻ മുസ്ലീംകൾക്ക് അല്ലാഹു തൗഫീക്ക് നൽകട്ടെ. ഖുർ ആനിലും സുന്നത്തിലും കാണിച്ചു തന്നിട്ടുള്ള മാർഗ്ഗ മനുസരിച്ച് സഞ്ചരിക്കുവാൻ അവൻ അനുഗ്രഹിക്കട്ടെ. ആമീൻ.

Translated by
***R. Jamaludin Raother***
*( A Humble disciple of Khalifathullah)*